# GVHSS

## MEENHANDA

## ACADEMIC

## MASTER

*plan*

# ആമുഖം

പഠനപിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളെ മുൻനിർത്തിയും പഠന പിന്നോക്കാവസ്ഥ പരിഹരിച്ചു കൊണ്ടും മാർഗ്ഗരേഖ തയ്യാറാക്കുകയും കുട്ടികൾക്ക് കൈവരിച്ചതും നേടിയെടുക്കേണ്ടതുമായ മേഖലയ്ക്കാനുസൃതമായി വിദ്യാർത്ഥികേന്ദ്രീകൃത വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം

പഠനനേട്ടം, ഉള്ളടക്ക സ്വഭാവം, പഠിതാക്കളുടെ വ്യത്യസ്ത നിലവാരം എന്നിവ തിരിച്ചറിഞ്ഞ് വിവിധ പഠന-ബോധന രീതികൾ നടപ്പിലാക്കൽ കണ്ടെത്തൽ പഠനം ആശയസമ്പാദന രീതി, സഹവർത്തിത്വ പഠനം, പ്രതിഫലന വളർത്തൽ വ്യക്താ പരവും, സംഘപരവുമായ അവസരങ്ങൾ നൽകൽ, മുതലായവ പരിഗണിച്ചു കൊണ്ട ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും, ശേഷികളും, മനോഭാവവും മുല്യങ്ങളും, വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയ ങ്ങളെ വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

വിദ്യാർത്ഥികളിലും തുല്യതയും ഗുണതയുമുള്ള വിദ്യാഭ്യാസ എത്തിക്കുക എന്നതാണ് യജ്ഞം മുന്നോട്ടു വെയ് ക്കുന്നത്.

# സ്കൂൾ ചരിത്രം

സാമൂതിരിമാർ ഭരിച്ച കോഴിക്കോടിന്റെ ഭരണസിരാകേന്ദ്രം ആയിരുന്ന ശ്രീകൃഷ്ണപുരമാണ് ഇന്നത്തെ മീഞ്ചന്ത . ചരിത്രത്തിന്റെ താളുകളിൽ തങ്ക ലിപികളിൽ എഴുതി വച്ചിരിക്കുന്ന സാമൂതിരിയുടെ വീരകഥകൾക്ക് പശ്ചാത്തല മൊരുക്കിയ മണ്ണാണ് മീഞ്ചന്തയിലേത്. ഒരുകാലത്ത് പോർച്ചുഗീസ് അധിനിവേശ വും പിന്നീട് ബ്രിട്ടീഷ് അധിനിവേശവും മീഞ്ചന്തക്കാരുടെ ഭാഗധേയം നിർണയിക്കുന്നതിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട് കോഴിക്കോടൻ മതേതര ജീവിതത്തിൻറെ ഒരു പരിച്ഛേദം തന്നെയായിരുന്നു മീഞ്ചന്തയിലും കണ്ടുവന്നത് കണ്ണഞ്ചേരിയിൽ നെയ്ത്തുകാരുടെ താവളം ഉണ്ടായിരുന്നു കല്ലായി ,ബേപ്പൂർ, നല്ലളം, മാത്തോട്ടം എന്നീ ദേശങ്ങളിൽ തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആയിരുന്നു ഇവിടെയെല്ലാം കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി അന്ന് സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നു. അങ്ങനെയാണ് 1916 തച്ചമ്പലത്ത് കുടുംബം ഒറ്റമുറിയിൽ ഒരു എഴുത്തു പള്ളിക്കൂടം ആരംഭിച്ചത്. പടിപടിയായി വളർന്ന് 3000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന മീഞ്ചന്ത ഗവൺമെൻറ് വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ ആയി വളർന്നത്. തുടക്കത്തിൽ എഴുത്തു പള്ളിക്കൂടമായും പിന്നീട് സർക്കാർ എൽ പി, യു പി ,ഹൈസ്കൂൾ എന്നിങ്ങനെ 1987 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മാറി സംഭവബഹുലമായ 100 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ് കഴിഞ്ഞ പത്തുവർഷത്തോളമായി കോഴിക്കോട് നഗരപരിധിയിൽ ഏറ്റവും കൂടുതൽ കുട്ടികൾ എസ്എസ്എൽസി പരീക്ഷ എഴുതുന്ന വിദ്യാലയമാണ് ജിവിഎച്ച്എസ്എസ് മീഞ്ചന്ത. ഇന്ന് സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും ശ്രദ്ധാകേന്ദ്രമായി കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരാൻ വേണ്ട നടപടികളെല്ലാം പൂർത്തീകരിച്ചിരിക്കുകയാണ്. കലാ കായിക പ്രവർത്തി പരിചയ മേഖലകളിലും ശാസ്ത്രമേളകളിലും സമ്മാനങ്ങൾ വാരിക്കൂട്ടിക്കൊണ്ട് സിറ്റി സബ് ജില്ലയിലെ മികച്ച വിദ്യാലയമായി മാറിക്കൊണ്ടിരിക്കുകയാണ് ജിവിഎച്ച്എസ്എസ് മീഞ്ചന്ത

# ഉള്ളടക്കം

ആമുഖം
വിദ്യാലയ ചരിത്രം പൊതുകാഴ്ചപ്പാട് ലക്ഷ്യങ്ങൾ
വിഷയം മേഖലകൾ എൽ പി യു പി ഹൈസ്കൂൾ

എൽ. പി
1 മലയാളം
2 അറബി
3 ഇംഗ്ലീഷ്
4 ഗണിതം
5 അടിസ്ഥാന ശാസ്ത്രം

യു. പി

1 മലയാളം
2 അറബിക്
3 ഇംഗ്ലീഷ്
4 ഉറുദു
5 ഹിന്ദി
6 ഗണിതം
7 അടിസ്ഥാന ശാസ്ത്രം
8 സാമൂഹ്യശാസ്ത്രം
9 പ്രവർത്തിപരിചയം
10 കലാസാംസ്കാരികം

ഹൈസ്കൂൾ

1 മലയാളം
2 ഇംഗ്ലീഷ്
3 ഹിന്ദി
4 ഗണിതം
5 ഫിസിക്സ് കെമിസ്ട്രി
6 സോഷ്യൽ സയൻസ് 7 അറബിക്